ഭരണഭാഷ മാതൃഭാഷ

വിവരാവകാശം/മറുപടി
ജില്ലാ സാമൂഹ്യനീതി ഓഫീസ്
കോട്ടയം, തീയതി 02/06/2018
ഫോൺ : 0481-2563980
ഇ-മെയിൽ dsjoktm@gmail.com

നം. ബി/1598/17

പബ്ളിക് ഇൻഫർമേഷൻ ഓഫീസർ
ജില്ലാ സാമൂഹ്യ നീതി ഓഫീസർ
കോട്ടയം

ശ്രീ. കെ കെ പാപ്പൻ
കൊച്ചുപറമ്പിൽ
മടുക്ക പി. ഒ

സർ,

വിഷയം:- ജില്ലാ സാമൂഹ്യനീതി ഓഫീസ്, കോട്ടയം - വിവരാവകാശനിയമം-2005 അപേക്ഷയ്ക്കു മറുപടി നൽകുന്നത് - സംബന്ധിച്ച്

സൂചന:- താങ്കൾ സമർപ്പിച്ച 02/05/2018 തീയതിയിലെ അപേക്ഷ

മേൽസൂചന പ്രകാരം താങ്കൾ സമർപ്പിച്ച വിവരാവകാശ നിയമം പ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ട റിപ്പോർട്ടിന്റെ പകർപ്പ് ഇതിനോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ഈ മറുപടി താങ്കൾക്ക് തൃപ്തികരമല്ലെങ്കിൽ അപ്പലേറ്റ് അതോറിറ്റിയായ സാമൂഹ്യ നീതിവകുപ്പ് റീജിയണൽ അസ്സി. ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

മേൽവിലാസം

റീജിയണൽ അസ്സി. ഡയറക്ടർ
സാമൂഹ്യനീതി വകുപ്പ്
സിവിൽസ്റ്റേഷൻ
കാക്കനാട്
എറണാകുളം

വിശ്വസ്തതയോടെ,

പബ്ളിക് ഇൻഫർമേഷൻ ഓഫീസർ
ജില്ലാ സാമൂഹ്യനീതി ഓഫീസർ
കോട്ടയം

DISTRICT SOCIAL JUSTICE OFFICE
Thirunakkara
Kottayam
686 001
481-2563980
MINI CIVIL STATION

# അന്വേഷണ റിപ്പോർട്ട്

ശ്രീ കെ. കെ പാപ്പൻ, കൊച്ചുപറമ്പിൽ, മടുക്ക പി ഒ, കോരുത്തോട് എന്നയാളുടെ പരാതി സംബന്ധിച്ച് കാഞ്ഞിരപ്പള്ളി അഡീഷണൽ സി.ഡി.പി.ഒ അന്വേഷിച്ചതിന്റെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

ശ്രീ . കെ. കെ പാപ്പൻ, കൊച്ചുപറമ്പിൽ, മടുക്ക പി ഒ എന്നയാൾ തന്റെ മകനായ അനീഷ് കെ. പി , കൊച്ചുപറമ്പിൽ വീട് എന്നയാൾക്കെതിരെ നല്കിയ പരാതിയിന്മേൽ അന്വേഷണം നടത്തുകയും, പരാതിയിന്മേൽ അനുരഞ്ജന ശ്രമം നടത്തുകയും ചെയ്തതിന്റെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

ശ്രീ പാപ്പൻ കെ. കെ റബ്ബർ ടാപ്പിംഗ് തൊഴിലാളിയാണ്. നേരിട്ടുള്ള അന്വേഷണത്തിൽ ടിയാൾക്ക് 58 വയസ്സ് ഉള്ളതായാണ് അറിയിച്ചത്. ആയതിനാൽ മുതിർന്ന പൗരന്റെ ഗണത്തിൽ ടിയാൾ ഉൾപ്പെടുന്നില്ലാത്തതാകുന്നു. കൂടാതെ സ്വന്തമായി 60 സെന്റ് ഭൂമിയുള്ളതായി അന്വേഷണത്തിൽ ബോധ്യപ്പെട്ടു.

ടിയാളുടെ ഭാര്യ തങ്കമ്മ (48 വയസ്സ്) കാലിലെ അസുഖത്തിനു ചികിത്സ നടത്തുന്നുണ്ട്. വടിയുടെ സഹായത്താലാണ് നടക്കുന്നത്. 24 വയസ്സുള്ള മകൾ അനുമോൾ കെ. പി .

അനുരഞ്ജനത്തിന്റെ ഭാഗമായി രണ്ടു കക്ഷികളുമായും കണ്ടു സംസാരിച്ചതിൽ ശ്രീ പാപ്പൻ മകനായ ശ്രീ. അനീഷിന്റെ പക്കൽ നിന്നും 3000/- രൂപ ലഭിച്ചാൽ പരാതി തീരും എന്നു സമ്മതിയ്ക്കുകയും ചെയ്തു. എന്നാൽ ശ്രീ പാപ്പന്റെ ഭാഗത്തു നിന്നും പിന്നീട് ലഭിച്ച എഴുതി തന്ന സ്റ്റേറ്റ്മെന്റ് പ്രകാരം പ്രതിമാസം 5000/- രൂപ ടിയാളുടെ അക്കൗണ്ടിൽ എല്ലാ മാസവും 5-ാം തീയതിയ്ക്കുള്ളിൽ നിക്ഷേപിക്കണം എന്ന് ആവശ്യപ്പെട്ടിരിയ്ക്കുകയാണ്.

മകനായ ശ്രീ അനീഷ് കെ. പി അനുരഞ്ജനത്തിന് തയ്യാറാണെന്നും ലഭിക്കുന്ന 9290/- രൂപയിൽ നിന്നും ഇപ്പോൾ പിതാവായ ശ്രീ പാപ്പന് നല്കുന്ന 2000/- രൂപയിൽ നിന്നും 2500/- രൂപ വരെ നല്കാൻ തയ്യാറാണെന്ന് രേഖാമൂലം അറിയിച്ചിരിയ്ക്കുകയാണ്.എന്നാൽ ശ്രീ പാപ്പൻ ടി തുകയിൽ അനുരഞ്ജനത്തിന് തയ്യാറല്ല

ടി വിഷയത്തിൽ അനുരഞ്ജന ശ്രമം നടത്തുന്നതിന് ബുദ്ധിമുട്ട് നേരിടുന്ന അവസ്ഥ കൂടി നിലവിലുണ്ട് എന്ന വിവരം റിപ്പോർട്ടു ചെയ്തു കൊള്ളുന്നു.

വിശ്വസ്തതയോടെ

DISTRICT SOCIAL JUSTICE OFFICE
MINI CIVIL STATION
Thirunakkara
Kottayam
686 001
481-2563980

ജില്ലാ സാമൂഹ്യനീതി ഓഫീസർ

കോട്ടയം

23/3